"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് – തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ 16-മത് തൃശ്ശൂർ അന്താരാഷ്ട്ര ചലച്ചിത്രോത്സവത്തിന് ധനസഹായം നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ) നം.631/2022/LSGD തീയതി,തിരുവനന്തപുരം, 15-03-2022

---

പരാമർശം:-

1. തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറി ലഭ്യമാക്കിയ 10/01/2022-ലെ A9-14338/21 നമ്പർ കത്ത്
2. നഗരകാര്യ ഡയറക്ടറുടെ 05/02/2022-ലെ DC3/1248/2022 നമ്പർ ശുപാർശ.

**ഉത്തരവ്**

16-മത് തൃശ്ശൂർ അന്താരാഷ്ട്ര ചലച്ചിത്രോത്സവത്തിന്റെ നടത്തിപ്പിന് ധനസഹായം അനുവദിക്കുന്നതിനായി ചലച്ചിത്രോത്സവം എക്സിക്യുട്ടീവ് ഡയറക്ടർ തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിയ്ക്ക് അപേക്ഷ നൽകിയതിന്റെ അടിസ്ഥാനത്തിൽ നഗരസഭയുടെ തനത് ഫണ്ടിൽ നിന്നും 2,00,000/-രൂപ (രണ്ട് ലക്ഷം രൂപ മാത്രം) അനുവദിക്കുന്നതിന് തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറി ലഭ്യമാക്കിയ കത്തും , ബന്ധപ്പെട്ട കൗൺസിൽ തീരുമാനത്തിന്റെ പകർപ്പും തുടർനടപടികൾക്കായി നഗരകാര്യ ഡയറക്ടർ ശുപാർശ ചെയ്തു സമർപ്പിച്ചിരിക്കുന്നു .

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 16-മത് തൃശ്ശൂർ അന്താരാഷ്ട്ര ചലച്ചിത്രോത്സവത്തിന്റെ നടത്തിപ്പിന് തൃശ്ശൂർ നഗരസഭയുടെ തനത് ഫണ്ടിൽ നിന്നും 2,00,000/-രൂപ (രണ്ട് ലക്ഷം രൂപ മാത്രം) നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ചലച്ചിത്രോത്സവം എക്സിക്യുട്ടീവ് ഡയറക്ടർ ടി നഗരസഭയ്ക്ക് ചെലവുകളുടെ വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന ധനവിനിയോഗ സാക്ഷ്യപത്രം നൽകേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
RANJAN RAJ
ഡെപ്യൂട്ടിസെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി/മേയർ, തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ.
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(തദ്ദേശസ്വയംഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by Shemim Khan S H
Date: 15-03-2022 14:51:09
സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു. മുഖ്യമന്ത്രിയുടെ പി എസ്സിന്.
ബഹു.തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി എസ്സിന്.